**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3390** **14-07-2022 - ൽ മറുപടിയ്ക്ക്**

**തോട്ടവിളകളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീമതി.ഉമ തോമസ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തോട്ടവിളകളുടെ സംരക്ഷണത്തിനും മൂല്യവർദ്ധനവ് ഉറപ്പാക്കുന്നതിനും കാര്യക്ഷമമായ പദ്ധതികൾ നിലവിലില്ല എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | തോട്ടവിളകളെ സംബന്ധിച്ചുള്ള പദ്ധതികളും സഹായങ്ങളും അതാത് വിളകൾക്കുള്ള ബോർഡുകൾ (റബ്ബർ ബോർഡ്, സ്പൈസസ് ബോർഡ്, കോഫി ബോർഡ്, ടീ ബോർഡ്) മുഖേനയാണ് നടപ്പിലാക്കുന്നത്. |
| (ബി) | റബ്ബർ, കാപ്പി തുടങ്ങിയ തോട്ടവിളകളുടെ കൃഷിവിസ്തൃതി സംസ്ഥാനത്ത് കുറഞ്ഞു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | റബ്ബർ, കാപ്പി, ഏലം, തേയില തുടങ്ങിയ തോട്ടവിളകളുടെ കൃഷിവിസ്തൃതിയുടെ (ഹെക്ടറിൽ) കഴിഞ്ഞ നാല് വർഷത്തെ കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.<br><br>2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ റബ്ബറിന്റെ കൃഷി വിസ്തൃതി വർദ്ധനവില്ലാതെ നിലനിൽക്കുന്നതായും 2019-20 സാമ്പത്തിക വർഷം മുതൽ വിസ്തൃതി കുറഞ്ഞുവരുന്നതായും കാണുന്നു. കാപ്പിയുടെ കൃഷിവിസ്തൃതി 2017-18, 2018-19 കാലയളവിൽ മാറ്റമില്ലാതെ നിൽക്കുകയും 2019-20ൽ വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. അത് 2020-21ലും മാറ്റമില്ലാതെ നിൽക്കുന്നു.<br><br>തേയിലയുടെ കൃഷി വിസ്തൃതി 2017-18 സാമ്പത്തിക വർഷത്തിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തിൽ വർദ്ധിച്ചതായി കാണുന്നുണ്ടെങ്കിലും, അതിനു ശേഷമുള്ള വർഷങ്ങളിൽ അത് കുറയുകയും പിന്നീട് നേരിയ വർദ്ധനവ് കാണിക്കുകയും ചെയ്യുന്നു.<br><br>2017-18 മുതൽ 2020-21 വരെ ഏലത്തിന്റെ കൃഷി വിസ്തൃതിയിൽ ഏറ്റക്കുറച്ചിലുകൾ കാണിക്കുന്നു. |
| (സി) | തോട്ടവിളകളുടെ സംരക്ഷണത്തിനും മൂല്യ വർദ്ധനവിനും പുനർ നടീലിനും ഉല്പാദന ക്ഷമത വർദ്ധനവിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ; വിശദാംശം നൽകുമോ? | (സി) | തോട്ടവിളകളെ സംബന്ധിച്ചുള്ള പദ്ധതികളും സഹായങ്ങളും അതാത് വിളകൾക്കുള്ള ബോർഡുകൾ മുഖേനയാണ് നടപ്പിലാക്കുന്നത്. കൃഷി വകുപ്പിന് പ്രസ്തുത വിളകളുടെ വികസനത്തിനായി |

| | | | |
|---|---|---|---|
| | | | പദ്ധതി വിഹിതം ലഭിക്കാറില്ല. എന്നാൽ, 2020-21 സാമ്പത്തിക വർഷത്തിൽ 'ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും ഫാമുകളുടെ മെച്ചപ്പെടുത്തലും' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നഴ്സറികളിൽ ഡ്രിപ്പ് ഇറിഗേഷൻ ഉൾപ്പെടെയുള്ള കാപ്പിയുടെ പ്രചരണവും പരിപാലനവും എന്ന ഘടകത്തിനും, 2021-22 സാമ്പത്തിക വർഷത്തിൽ 'വയനാട് ജില്ലയിലെ കാർഷിക മേഖലയുടെ പുനരുജ്ജീവനം' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സംയോജിത കാപ്പി കൃഷി വികസനം എന്ന ഘടകത്തിനും, വയനാട് ജില്ലയിൽ കാപ്പി സംസ്കരണ പ്ലാന്റ് നിർമ്മാണത്തിനും ബഡ്ജറ്റ് വിഹിതം നൽകി പദ്ധതികൾ നടപ്പിലാക്കിയിരുന്നു. |

സെക്ഷൻ ഓഫീസർ

### അനുബന്ധം

| വിള | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|
| റബ്ബർ | 551115 | 551115 | 551030 | 550650 |
| കാപ്പി | 84976 | 84976 | 85880 | 85880 |
| തേയില | 30205 | 36473.9 | 35871 | 35871.16 |
| ഏലം | 39080 | 38882 | 39697 | 39143 |

സെക്ഷൻ ഓഫീസർ

Scanned with CamScanner